**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2696** **24-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ താത്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ എത്ര താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിൽ ആദിവാസി പുനരധിവാസ വികസന മിഷനിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരികയായിരുന്ന 2 ഡി.റ്റി.പി. ഓപ്പറേറ്റർമാരെയും, ഒരു കമ്പ്യൂട്ടർ ഓപ്പറേറ്ററെയും, ഒരു ഓഫീസ് അറ്റൻഡന്റിനെയും, ഒരു ഡ്രൈവറേയും അവരുടെ സേവന പരിചയം കണക്കിലെടുത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പുനർനിയമനം നൽകിയിട്ടുണ്ട്. മറ്റ് ഏജൻസികൾ മുഖേന നിയമനങ്ങൾ നടത്തിയിട്ടില്ല.<br><br>പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) | ഇതിൽ എത്ര നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കി; മറ്റ് നിയമനങ്ങൾ ഉണ്ടെങ്കിൽ അത് നടത്തിയ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | മേല്പറഞ്ഞ സ്ഥാപനങ്ങളിൽ പ്രസ്തുത കാലയളവിൽ എത്ര താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി; വിശദാംശം സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ? | (സി) | പട്ടികജാതി വികസന വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ഗ്രൗണ്ട് മാർക്കർ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ഒരാളെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ